നം. സി.ഇ.ഇ/5500/2017/KEAM-2018/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പപരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## 2018-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ്

# ഓൺലൈൻ ഓപ്ഷൻ സമർപ്പണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

2018-ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായുള്ള ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഓൺലൈൻ ഓപ്ഷൻ സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടിക്രമം പാലിക്കേണ്ടതാണ്.

1) **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.
2) **KEAM 2018-Candidate Portal** എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക.
3) KEAM 2018-ലെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിക്കുക.
4) ഹോം പേജിലെ **'Option Registration'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്യുക.
5) തുടർന്ന് ദൃശ്യമാകുന്ന പേജിൽ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കുക.
6) **'Proceed for Option Entry'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക.
7) തുടർന്ന് ദൃശ്യമാകുന്ന വെബ് പേജിന്റെ ഇടത് വശത്ത് വിദ്യാർത്ഥിയുടെ യോഗ്യതയ്ക്കനുസൃതമായ എല്ലാ ഓപ്ഷനുകളും ദൃശ്യമാകും. അതിൽ നിന്നും വിദ്യാർത്ഥിയുടെ താൽപര്യത്തിനനുസരിച്ച് മുൻഗണനാക്രമത്തിൽ കോഴ്സ്-കോളേജ് കോമ്പിനേഷനുകൾ തിരഞ്ഞെടുക്കുക.
8) ഏറ്റവും മുൻഗണനയുള്ള കോഴ്സ്-കോളേജ് കോമ്പിനേഷനു നേരെയുള്ള ബോക്സിൽ '1' എന്ന് രേഖപ്പെടുത്തി **'Assign'** ബട്ടൺ ക്ലിക്ക് ചെയ്യുക. മുൻഗണനയിൽ രണ്ടാമതായുള്ള കോഴ്സ്-കോളേജ് കോമ്പിനേഷനു നേരെയുള്ള ബോക്സിൽ '2' എന്ന് രേഖപ്പെടുത്തി **'Assign'** ബട്ടൺ ക്ലിക്ക് ചെയ്യുക. ഈ രീതിയിൽ താൽപര്യമുള്ള മറ്റ് ഓപ്ഷനുകളും തിരഞ്ഞെടുക്കുക.

   [കുറിപ്പ്: ഒരു വിദ്യാർത്ഥിയ്ക്ക് ലഭ്യമായ ഓപ്ഷനുകളിൽ എത്ര വേണമെങ്കിലും തിരഞ്ഞെടുക്കാവുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്ന ഓപ്ഷനുകൾ വെബ്പേജിന്റെ വലത് വശത്ത് മുൻഗണനാക്രമത്തിൽ ദൃശ്യമാകുന്നതാണ്.]
9) ഓപ്ഷനുകൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ മെനു ബാറിൽ കാണുന്ന **'Save'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്യേണ്ടതാണ്. ഓപ്ഷൻ രജിസ്ട്രേഷൻ പ്രക്രിയയ്ക്ക് ഇടയ്ക്ക് വച്ചും **'Save'** ബട്ടൺ ക്ലിക്ക് ചെയ്യാവുന്നതാണ്. അങ്ങനെ ചെയ്യുമ്പോൾ അതുവരെ തിരഞ്ഞെടുത്ത ഓപ്ഷനുകൾ സേവ് ചെയ്യപ്പെടും. ഓപ്ഷൻ രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയായിക്കഴിഞ്ഞാൽ നിർബന്ധമായും **'Save'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്.
10) തുടർന്ന് മെനു ബാറിൽ കാണുന്ന **'Print Option List'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് തിരഞ്ഞെടുത്ത ഓപ്ഷനുകളുടെ മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റിന്റെ പ്രിന്റൗട്ട് എടുത്ത് പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. ഓപ്ഷൻ ലിസ്റ്റിന്റെ പ്രിന്റൗട്ട് വിദ്യാർത്ഥി സൂക്ഷിക്കേണ്ടതാണ്.
11) ഓപ്ഷൻ ലിസ്റ്റിന്റെ പ്രിന്റൗട്ട് എടുത്തശേഷം **'Log out'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് വിദ്യാർത്ഥി ലോഗൗട്ട് ചെയ്യേണ്ടതാണ്. മറ്റുള്ളവർ പ്രവേശിച്ച് വിദ്യാർത്ഥികളുടെ ഓപ്ഷൻ രജിസ്ട്രേഷൻ പേജിനെ ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതിനാൽ ഓപ്ഷൻ രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയാകുമ്പോൾ വിദ്യാർത്ഥി നിർബന്ധമായും **'Log out'** ബട്ടൺ ക്ലിക്ക് ചെയ്ത് ലോഗൗട്ട് ചെയ്തിരിക്കണം.

- ഓപ്ഷൻ രജിസ്ട്രേഷൻ പ്രക്രിയ സുഗമമാക്കുന്നതിനായി ഓപ്ഷൻ രജിസ്ട്രേഷൻ പേജിൽ താഴെപ്പറയുന്ന രീതിയിലുള്ള ഫിൽട്ടർ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

  <u>**Course**</u>: വിദ്യാർത്ഥിയ്ക്ക് അർഹതയുള്ള എല്ലാ കോഴ്സുകളും ദൃശ്യമാകും. അതിൽ നിന്ന് ആവശ്യമുള്ള കോഴ്സുകൾ മാത്രം വേർതിരിച്ചെടുക്കാം. അങ്ങനെ ചെയ്യുമ്പോൾ തിരഞ്ഞെടുത്ത കോഴ്സിലെ ഓപ്ഷനുകൾ മാത്രമാകും ദൃശ്യമാകുക. അവയിൽ താൽപര്യാനുസരണം മുനഗണനാക്രമം രേഖപ്പെടുത്താവുന്നതാണ്. എല്ലാത്തരം കോഴ്സുകളും ദൃശ്യമാകുന്നതിന് **'All'** സെലക്ട് ചെയ്യേണ്ടതാണ്.

  [ഉദാ: ഒരു വിദ്യാർത്ഥി **'Course'** ഫിൽട്ടർ ഉപയോഗിച്ച് മെക്കാനിക്കൽ എഞ്ചിനീയറിംഗ് തിരഞ്ഞെടുത്താൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് കോഴ്സിലെ ഓപ്ഷനുകൾ മാത്രം ദൃശ്യമാകുന്നതാണ്.]

  <u>**Institution Type**</u>: സർക്കാർ സ്ഥാപനങ്ങൾ അല്ലെങ്കിൽ സർക്കാർ നിയന്ത്രിത സ്വാശ്രയ സ്ഥാപനങ്ങൾ അല്ലെങ്കിൽ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ ആവശ്യാനുസരണം തിരഞ്ഞെടുക്കാം. എല്ലാത്തരം സ്ഥാപനങ്ങളും ദൃശ്യമാകുന്നതിന് **'All'** സെലക്ട് ചെയ്യേണ്ടതാണ്.

  [ഉദാ: ഏതു കോഴ്സായാലും സർക്കാർ കോളേജുകളിൽ മാത്രം പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന ഒരു വിദ്യാർത്ഥിയ്ക്ക് **'Institution Type'** ഫിൽട്ടർ ഉപയോഗിച്ച് എല്ലാ കോഴ്സുകളിലെയും സർക്കാർ കോളേജുകൾ വേർതിരിച്ചെടുക്കാവുന്നതാണ്.]

  <u>**Quota:**</u> Government/Minority Quota അല്ലെങ്കിൽ Management Quota അല്ലെങ്കിൽ NRI Quota ആവശ്യാനുസരണം തിരഞ്ഞെടുക്കാം. എല്ലാത്തരം ഓപ്ഷനുകളും ദൃശ്യമാകുന്നതിന് **'All'** സെലക്ട് ചെയ്യേണ്ടതാണ്.

  [ഉദാ: Management Quota-യിലോ NRI Quota-യിലോ പ്രവേശനം ആഗ്രഹിക്കാത്ത ഒരു വിദ്യാർത്ഥിയ്ക്ക് **'Quota'** ഫിൽട്ടർ ഉപയോഗിച്ച് Government/Minority Quota സീറ്റുകൾ മാത്രം ഉൾക്കൊളുന്ന ഓപ്ഷനുകൾ വേർതിരിച്ചെടുക്കാവുന്നതാണ്.]

- ഓപ്ഷൻ രജിസ്ട്രേഷൻ പേജിലെ **'Print Option Worksheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് വിദ്യാർത്ഥിയ്ക്ക് ലഭ്യമായ എല്ലാ ഓപ്ഷനുകളും അടങ്ങുന്ന വർക്ക് ഷീറ്റിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. ഈ ലിസ്റ്റിൽ കോളേജ്-കോഴ്സ് കോമ്പിനേഷനുകൾക്ക് നേരെ മുൻഗണനാക്രമത്തിൽ നമ്പരുകൾ എഴുതി തയ്യാറാക്കിയശേഷം പ്രസ്തുത ലിസ്റ്റിന്റെ സഹായത്താൽ ഓപ്ഷൻ രജിസ്ട്രേഷൻ പ്രക്രിയ നടത്താവുന്നതാണ്.

  <u>**Option Worksheet, Filters** എന്നീ സൗകര്യങ്ങൾ ഓപ്ഷൻ രജിസ്ട്രേഷൻ പ്രക്രിയ സുഗമമാക്കുന്നതിനുള്ള ഉപാധികൾ മാത്രമാണ്.</u>

- അലോട്ട്മെന്റ് ലഭിച്ചാൽ സ്വീകരിക്കുമെന്ന് ഉറപ്പുള്ള കോഴ്സുകളിലേയ്ക്കും കോളേജുകളിലേയ്ക്കും മാത്രം ഓപ്ഷൻ നൽകുന്നതിന് വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടാൻ താത്പര്യമില്ലാത്ത കോഴ്സുകളിലേയ്ക്കും കോളേജുകളിലേയ്ക്കും ഓപ്ഷൻ നൽകാതിരിക്കുക.

ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിന് **29.06.2018** രാവിലെ **10** മണി വരെ വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. ഇതിനുള്ളിൽ വിദ്യാർത്ഥികൾക്ക് യഥേഷ്ടം ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്ത ഓപ്ഷനുകൾ റദ്ദാക്കുന്നതിനും സൗകര്യമുണ്ടായിരിക്കുന്നതാണ്. **29.06.2018** രാവിലെ **10** മണി വരെ ലഭ്യമാകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് **30.06.2018**-ന് പ്രസിദ്ധീകരിക്കുന്നതാണ്.

തിരുവനന്തപുരം
25.06.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**